പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3046 — 20.12.2012 ൽ മറുപടിയ്ക്ക്

## നെല്ല് സംഭരണ സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അൻവർ സാദത്ത് :<br>ശ്രീ. ബെന്നി ബെഹനാൻ:<br>ശ്രീ. എ.റ്റി. ജോർജ് :<br>ശ്രീ. വി.പി. സജീന്ദ്രൻ: | ശ്രീ. അനൂപ്ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) നെല്ല് സംഭരണത്തിന് എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) സപ്ലൈകോയുമായി രജിസ്റ്റർ ചെയ്ത കർഷകരുടെ നെല്ല് കൊയ്ത്ത് കഴിഞ്ഞ് 10 ദിവസത്തിനകം കേന്ദ്രഗവൺമെന്റ് നിഷ്ക്കർഷിച്ചിട്ടുളള ഗുണമേന്മയുളളതാണെന്ന് ഉറപ്പുവരുത്തി സംഭരിക്കുവാനുളള നടപടി സ്വീകരിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് ആവശ്യമായ മില്ലുകളുമായി സംഭരണം തുടങ്ങുന്നതിന് വളരെ മുമ്പായിതന്നെ കരാറിൽ ഏർപ്പെടുന്നുണ്ട്. നെല്ലുസംഭരണത്തിനായി 17 പാഡി മാർക്കറ്റിംഗ് ഓഫീസർമാർക്ക് വിവിധ ജില്ലകളിലായി ചുമതല നൽകിയിട്ടുണ്ട്. അവരുടെ കീഴിൽ പാഡി അസിസ്റ്റന്റുമാരുടെ സേവനവും ലഭ്യമാക്കുന്നു. സംഭരണം നടക്കുന്ന കാലയളവിൽ അവധി ദിവസങ്ങൾ ഉൾപ്പെടെയുളള ദിവസങ്ങളിൽ പാഡി മാർക്കറ്റിംഗ് ഓഫീസർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. കർഷകരുടെ എല്ലാവിധ സംശയ നിവാരണത്തിനും വേണ്ടി സപ്ലൈകോ ഹെഡ് ഓഫീസിൽ മാനേജരുടെ (ഗവ.സ്കീം) |

| | |
|---|---|
| | കീഴിൽ ഒരു കൺട്രോൾ റൂം പ്രവർത്തിക്കുന്നുണ്ട്. സംഭരണത്തിൽ നേരിടാവുന്ന പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനായി ജില്ലാ ഭരണകൂടവുമായി ഒരു ഏകോപനം നടത്തി ആവശ്യത്തിനുള്ള ലോറികൾ, വള്ളങ്ങൾ, തൊഴിലാളികൾ, തൊഴിൽ പ്രശ്ന പരിഹാരം, ഗുണമേന്മ സംബന്ധിച്ചുള്ള തർക്ക പരിഹാരം എന്നിവയ്ക്കു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| ബി) നെല്ല് സംഭരണത്തിനായി ഇപ്പോൾ എത്ര രൂപയാണ് നൽകുന്നത്; | ബി) കിലോഗ്രാമിന് 17 രൂപ |
| സി) കർഷകർക്ക് പ്രതിഫലം കൃത്യമായി നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | സി) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിന് അവർക്ക് പാഡി റസീറ്റ് ഷീറ്റ് (PRS) നൽകുകയും ടി റസീറ്റ്, പേയ്മെന്റ് ഓഫീസിൽ ഹാജരാക്കുന്ന മുറക്ക് വെരിഫിക്കേഷൻ നടത്തി നെല്ലിന്റെ വില കർഷകന്റെ വ്യക്തിഗത ബാങ്ക് അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്തു കൊണ്ടിരിക്കുന്നത്. ഈ സംവിധാനം മൂലം ഇടനിലക്കാരെ ഒഴിവാക്കി കർഷകർക്ക് തന്നെ വില ലഭിക്കുന്നു. നെല്ലിന്റെ വില നൽകുന്നത് സംബന്ധിച്ചുള്ള വിവരം വെബ്സൈറ്റിൽ ലഭ്യമായതിനാൽ കർഷകർക്ക് ഇത് ഏതുസമയത്തും കാണാവുന്നതാണ്. |

| | | |
|---|---|---|
| ഡി) | കഴിഞ്ഞ സംഭരണ കാലയളവിൽ എത്ര ടൺ നെല്ല് സംഭരിച്ചുവെന്ന് വെളിപ്പെടുത്തുമോ? | ഡി) 2011-2012 1st സീസണിൽ 154470.37 ടൺ നെല്ലും 2nd സീസണിൽ 406353.91 ടൺ നെല്ലും സംഭരിച്ചു. 2012-13 ഒന്നാം സീസണിൽ 127123.77 ടൺ നെല്ലാണ് ഇതുവരെ സംഭരിച്ചത്. |

സെക്ഷൻ ഓഫീസർ